**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 813** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>എറിയാട്,എടവിലങ്ങ്,ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നത് സംബന്ധിച്ച്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. വത്സരാജ് ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** എടവിലങ്ങ്, എറിയാട് , ശ്രീനാരായണപുരം എന്നീ ഗ്രാമപഞ്ചായത്തുകളിലെ തീരപ്രദേശങ്ങളിലും, ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ കിഴക്കുംപുറം കോളനിയിലും, ഗോതുരുത്ത് ഭാഗത്തും നേരിടുന്ന കുടിവെള്ള വിതരണ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** എടവിലങ്ങ്, എറിയാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ വാൽവുകൾ സ്ഥാപിച്ച് സോണുകളായി തിരിച്ച് കുടിവെള്ള വിതരണം നടത്തുന്നുണ്ട്. ശ്രീനാരായണപുരം പഞ്ചായത്തിലെ NH66 ന്റെ കിഴക്ക ഭാഗത്തേക്കും ഗോതുരുത്ത് പ്രദേശത്തേക്കും കുടിവെള്ളം എത്തിക്കുന്നതിനായി പുതുതായി 15HP മോട്ടോർ സ്ഥാപിച്ച്, അഞ്ചാം പരത്തിയിൽ നിന്നും മേൽ സ്ഥലങ്ങളിലേക്ക് നേരിട്ട് പൈപ്പ് മുഖേന കുടിവെള്ളം എത്തിക്കുന്നുണ്ട്.

**(ബി)** മേൽപ്പറഞ്ഞ ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

**<u>മറുപടി:</u>** ശ്രീനാരായണപുരം പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് KIIFB നാട്ടിക ഫർക്ക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ ചാവക്കാട്, കൊടുങ്ങല്ലൂർ താലൂക്കുകളിൽപ്പെട്ടതും നാട്ടിക, കൈപ്പമംഗലം നിയോജകമണ്ഡലങ്ങളിൽപ്പെട്ടതുമായ എസ്. എൻ. പുരം, മതിലകം, പെരിഞ്ഞനം, കൈപ്പമംഗലം, എടത്തിരുത്തി എന്നീ പഞ്ചായത്തുകളും നാട്ടിക നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വലപ്പാട്, നാട്ടിക, തളിക്കുളം എന്നീ പഞ്ചായത്തുകളും മണലൂർ നിയോജകമണ്ഡലത്തിലെ വാടാനപ്പിള്ളി പഞ്ചായത്തും, ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ഏങ്ങണ്ടിയൂർ പഞ്ചായത്തിനു വേണ്ടി കിഫ്ബി സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് കിഫ്ബി - നാട്ടിക ഫർക്ക സമഗ്ര ശുദ്ധജല വിതരണ പദ്ധതി.

നാട്ടിക ഫർക്ക സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ ആദ്യഘട്ടമായ ഉല്പാദന ഘടകങ്ങൾക്കും 10 പഞ്ചായത്തുകൾക്ക് പൊതുവായ ക്ലിയർ വാട്ടർ പമ്പിങ് മെയിനും 3 പഞ്ചായത്തുകളിലെ ടാങ്കിലേക്കുമുള്ള ക്ലിയർ വാട്ടർ പമ്പിങ് മെയിനും സ്ഥാപിക്കുന്നതിന് കിഫ്ബി മുഖാന്തിരം 103.99 കോടിയുടെ പുതുക്കിയ ഫണ്ടിംഗ് അനുമതി നൽകിയിട്ടുണ്ട്.

മൂന്ന് പാക്കേജുകളായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്:-

**പാക്കേജ് I** - ഇൻടേക്ക് വെൽ/പമ്പ് ഹൗസ്, റോ വാട്ടർ പമ്പിങ് മെയിൻ, വെള്ളാനിയിൽ 26 MLD ഉല്പാദനശേഷിയുള്ള ജലശുദ്ധീകരണശാല, അനുബന്ധ ഘടകങ്ങൾ എന്നിവ ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ഇപ്പോൾ ആരംഭഘട്ടത്തിലാണ്. കാറളം പഞ്ചായത്തിലെ വെള്ളാനിയിൽ സ്ഥാപിക്കുന്ന 26 MLD ജലശുദ്ധീകരണശാല, കാറളം പഞ്ചായത്തിൽ തന്നെയുള്ള നദിയിൽ നിർമ്മിക്കുന്ന കിണർ എന്നിവയുടെ ഡിസൈൻ ജോലികളും റോ വാട്ടർ പമ്പിങ് ലൈനുകളുടെ വിതരണം തുടങ്ങിയ ജോലികളാണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്.

**പാക്കേജ് II** - വെള്ളാനിയിൽ നിന്നും ചൂലൂർ വരെയും, ചൂലൂരിൽ നിന്നും വിവിധ ടാങ്കുകളിലേക്കും ഉള്ള ക്ലിയർ വാട്ടർ പമ്പിങ് മെയിൻ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രവൃത്തി പുരോഗമിച്ചുവരുന്നു.

**പാക്കേജ് III** - നിലവിലുള്ള ജലശുദ്ധീകരണ ശാലയിലെ യൂട്ടിലിറ്റി ഷിഫ്റ്റിംഗ്, ലീക്ക് തീർക്കൽ തുടങ്ങിയ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനുള്ള പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്.

കൂടാതെ നിലവിലെ കാലഹരണപ്പെട്ട പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി കിഫ്ബി മുഖേന 20.3 കോടി രൂപയുടെ ഫണ്ടിംഗ് അനുമതി നൽകിയിട്ടുണ്ട്. ഇതിലൂടെ ആർ സി യു പി സ്കൂൾ മുതൽ അഗസ്ത്യശ്വരം വരെ 2520 മീറ്റർ, അഗസ്ത്യശ്വരം മുതൽ മതിലകം ഭൂഗർഭ ജലസംഭരണി വരെ 4740 മീറ്റർ നീളത്തിൽ കാലഹരണപ്പെട്ട എ സി പൈപ്പുകൾ മാറ്റി പുതിയ ഡക്റ്റൈൽ അയൺ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

എറിയാട്, എടവിലങ്ങ് ഗ്രാമപഞ്ചായത്തുകളിൽ ജൽ ജീവൻമിഷൻ വഴി എല്ലാ വീടുകളിലേക്കും കുടിവെള്ള പൈപ്പ് കണക്ഷൻ എത്തിക്കുന്ന പദ്ധതി പൂർത്തിയായിട്ടുണ്ട്.

എറിയാട്, എടവിലങ്ങ് എന്നീ പഞ്ചായത്തുകളിൽ ജെ ജെ എം വഴി നൽകിയ കുടിവെള്ള കണക്ഷനുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. നിലവിൽ ഈ രണ്ടു പഞ്ചായത്തുകളിലും ഹർ ഘർ ജൽ പ്രഖ്യാപിച്ചിട്ടുണ്ട്.

| പഞ്ചായത്ത് | ഭരണാനുമതി നൽകിയത് (FHTC Nos.) | ഭരണാനുമതി തുക (in Lakhs) | ജെ ജെ എം തുടങ്ങിയതിനു ശേഷം നൽകിയ കണക്ഷനുകൾ (from April 2020) | ആകെ കണക്ഷനുകൾ |
|---|---|---|---|---|
| എടവിലങ്ങ് | 2454 | 445.00 | 2983 | 3030 |
| എറിയാട് | 4180 | 615.00 | 4167 | 4311 |

**(സി)** പ്രസ്തുത ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** ശ്രീനാരായണപുരം പഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് KIIFB നാട്ടിക ഫിർക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈ പ്രവൃത്തി പുരോഗമിച്ചു വരികയാണ്.

എറിയാട്, എടവിലങ്ങ് ഗ്രാമപഞ്ചായത്തുകളിൽ ജൽ ജീവൻ മിഷൻ വഴി എല്ലാ വീടുകളിലേക്കും കുടിവെള്ള പൈപ്പ് കണക്ഷൻ എത്തിക്കുന്ന പദ്ധതി പൂർത്തിയായിട്ടുണ്ട്.

എറിയാട്, എടവിലങ്ങ് എന്നീ പഞ്ചായത്തുകളുടെ ജെ ജെ എം വഴി നൽകിയ കുടിവെള്ള കണക്ഷനുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. നിലവിൽ ഈ രണ്ടു പഞ്ചായത്തുകളിലും ഹർ ഘർ ജൽ പ്രഖ്യാപിച്ചിട്ടുണ്ട്.

| പഞ്ചായത്ത് | ഭരണാനുമതി നൽകിയത് (FHTC Nos.) | ഭരണാനുമതി തുക (in Lakhs) | ജെ ജെ എം തുടങ്ങിയതിനു ശേഷം നൽകിയ കണക്ഷനുകൾ (from April 2020) | ആകെ കണക്ഷനുകൾ |
|---|---|---|---|---|
| എടവിലങ്ങ് | 2454 | 445.00 | 2983 | 3030 |
| എറിയാട് | 4180 | 615.00 | 4167 | 4311 |

**സെക്ഷൻ ഓഫീസർ**